**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3988** **17-03-2025 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ ഔഷധ മേഖലയിലെ തെറ്റിദ്ധാരണ സൃഷ്ടിക്കുന്ന പരസ്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. കെ. ആൻസലൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യ ഔഷധ മേഖലയിലെ തെറ്റിദ്ധാരണ സൃഷ്ടിക്കുന്ന പരസ്യങ്ങൾക്കെതിരായി ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ ബഹു. സുപ്രീം കോടതിയിൽ നൽകിയ പരാതിയിന്മേലുള്ള കോടതിയുടെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പരാതി ഫയലിൽ സ്വീകരിച്ച ബഹു. സുപ്രീം കോടതി, സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും ഡ്രഗ്സ് റൂൾ 170, ഡ്രഗ്സ് & മാജിക് റെമഡീസ് ആക്ട് എന്നിവയുടെ ലംഘനങ്ങൾക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദ വിവരം സത്യവാങ്മൂലമായി സമർപ്പിക്കുവാൻ ഉത്തരവായിരുന്നു. ബഹു.കോടതിയുടെ പ്രസ്തുത ഉത്തരവിന് വിധേയമായി സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് സമയ ബന്ധിതമായി നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | തെറ്റിദ്ധാരണ സൃഷ്ടിക്കുന്ന പരസ്യം നടത്തുന്നവർക്കെതിരായി പരാതി സ്വീകരിക്കാനും നടപടികൾ എടുക്കാനും സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്ന് കോടതി അഭിപ്രായപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ ഉന്നയിച്ച പരാതികളുടെ വെളിച്ചത്തിലും എതിർവാദിയായ സ്ഥാപനത്തിന് പുറമെ, മറ്റ് FMCGS/ ഫാർമസ്യൂട്ടിക്കൽ കമ്പനികൾ എന്നിവരും പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ തങ്ങളുടെ ഉല്പന്നത്തെപ്പറ്റി പരസ്യം നൽകി വരുന്നതിനാലും, 1954 - ലെ ഡ്രഗ്സ് & മാജിക് റെമഡീസ് ആക്ട്, ചട്ടങ്ങൾ, 1940-ലെ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട്, ചട്ടങ്ങൾ എന്നിവയിലെ ബന്ധപ്പെട്ട വ്യവസ്ഥകളുടെ അനുപാലനം സംബന്ധിച്ച വിഷയം ബഹു. കോടതി സൂക്ഷ്മമായി നിരീക്ഷിക്കുന്നതാണെന്ന് WP(C) 645/22 കേസിൽ 23.04.2024 ൽ പുറപ്പെടുവിച്ച ഉത്തരവിൽ ബഹു. സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ എല്ലാ സംസ്ഥാന സർക്കാരുകളേയും കേസിൽ Co-respondent ആയി കക്ഷി ചേർക്കുകയും ചെയ്തിട്ടുണ്ട്. 7/5/2024, 14/05/2024 എന്നീ തീയതികളിലെ ഉത്തരവുകൾ പ്രകാരം 1954-ലെ ഡ്രഗ്സ് & മാജിക് റെമഡീസ് ആക്ട്, ചട്ടങ്ങൾ, 1940-ലെ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട്, ചട്ടങ്ങൾ, 1986-ലെ കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്ട് എന്നിവ ലംഘിച്ച്, പത്രങ്ങളിലും |

| | | | |
|---|---|---|---|
| | | | ഇലക്ട്രോണിക് മീഡിയയിലും പരസ്യം ചെയ്യുതും പ്രത്യക്ഷപ്പെട്ടതുമായ, പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾക്കെതിരെയും, ലഭിച്ച പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ചും, ആരോഗ്യ സംബന്ധമായ ഉല്പന്നങ്ങൾ, ഭക്ഷണ സാധനങ്ങൾ, ഫുഡ് സപ്ലിമെന്റ് എന്നിവ സംബന്ധിച്ച് തെറ്റിദ്ധാരണാജനകമായ പരസ്യങ്ങൾ, ഉല്പാദകർ/ പരസ്യസ്ഥാപനങ്ങൾ നൽകുന്നില്ലായെന്ന് ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ചുമുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്ന വിശദമായ സത്യവാങ്മൂലം സമർപ്പിക്കുവാൻ എല്ലാ സംസ്ഥാനങ്ങളിലെയും സ്റ്റേറ്റ് ലൈസൻസിംഗ് അതോറിറ്റിയ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.<br><br>കോടതി നിർദ്ദേശപ്രകാരം Central Ministry of Information and Broad casting, Broadcast Seva Portal-ൽ പരസ്യക്കാരും ഏജൻസികളും Self Declaration Upload ചെയ്യുന്നതിനും Self Certificate Generate ചെയ്യുന്നതിനുമായി സംവിധാനം ഒരുക്കിയിട്ടുണ്ട്. കൂടാതെ ഇത് സംബന്ധിച്ച് ലഭിക്കുന്ന പരാതികളുടെ വിവരങ്ങൾ രേഖപ്പെടുത്തുവാൻ എല്ലാ സംസ്ഥാനങ്ങൾക്കുമായി ഒരു Dash Board ഉണ്ടാക്കുവാൻ Ministry of Ayush-ന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. |
| (സി) | പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾക്കെതിരെ ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് ആക്ട് പ്രകാരം കർശന നടപടികൾ സ്വീകരിക്കണമെന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ ഉന്നയിച്ച പരാതികളുടെ വെളിച്ചത്തിലും എതിർവാദിയായ സ്ഥാപനത്തിന് പുറമെ, മറ്റ് FMCGS/ ഫാർമസ്യൂട്ടിക്കൽ കമ്പനികൾ എന്നിവരും പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ തങ്ങളുടെ ഉല്പന്നത്തെപ്പറ്റി പരസ്യം നൽകി വരുന്നതിനാലും, 1954 - ലെ ഡ്രഗ്സ് & മാജിക് റെമഡീസ് ആക്ട്, ചട്ടങ്ങൾ, 1940-ലെ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട്, ചട്ടങ്ങൾ എന്നിവയിലെ ബന്ധപ്പെട്ട വ്യവസ്ഥകളുടെ അനുപാലനം സംബന്ധിച്ച വിഷയം ബഹു. കോടതി സൂക്ഷ്മമായി നിരീക്ഷിക്കുന്നതാണെന്ന് WP(C) 645/22 കേസിൽ 23.04.2024 ൽ പുറപ്പെടുവിച്ച ഉത്തരവിൽ ബഹു. സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ എല്ലാ സംസ്ഥാന സർക്കാരുകളേയും കേസിൽ Co-respondent ആയി കക്ഷി ചേർക്കുകയും ചെയ്തിട്ടുണ്ട്. 7/5/2024, 14/05/2024 എന്നീ തീയതികളിലെ ഉത്തരവുകൾ പ്രകാരം 1954-ലെ ഡ്രഗ്സ് & മാജിക് റെമഡീസ് ആക്ട്, ചട്ടങ്ങൾ, 1940-ലെ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട്, ചട്ടങ്ങൾ, 1986-ലെ കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്ട് എന്നിവ ലംഘിച്ച്, പത്രങ്ങളിലും |

| | | | |
|---|---|---|---|
| | | | ഇലക്ട്രോണിക് മീഡിയയിലും പരസ്യം ചെയ്യുതും പ്രത്യക്ഷപ്പെട്ടതുമായ, പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾക്കെതിരെയും, ലഭിച്ച പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ചും, ആരോഗ്യ സംബന്ധമായ ഉല്പന്നങ്ങൾ, ഭക്ഷണ സാധനങ്ങൾ, ഫുഡ് സപ്ലിമെന്റ് എന്നിവ സംബന്ധിച്ച് തെറ്റിദ്ധാരണാജനകമായ പരസ്യങ്ങൾ, ഉല്പാദകർ/ പരസ്യസ്ഥാപനങ്ങൾ നൽകുന്നില്ലായെന്ന് ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ചുമുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്ന വിശദമായ സത്യവാങ്മൂലം സമർപ്പിക്കുവാൻ എല്ലാ സംസ്ഥാനങ്ങളിലെയും സ്റ്റേറ്റ് ലൈസൻസിംഗ് അതോറിറ്റിയ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.<br><br>കോടതി നിർദ്ദേശപ്രകാരം Central Ministry of Information and Broad casting, Broadcast Seva Portal-ൽ പരസ്യക്കാരും ഏജൻസികളും Self Declaration Upload ചെയ്യുന്നതിനും Self Certificate Generate ചെയ്യുന്നതിനുമായി സംവിധാനം ഒരുക്കിയിട്ടുണ്ട്. കൂടാതെ ഇത് സംബന്ധിച്ച് ലഭിക്കുന്ന പരാതികളുടെ വിവരങ്ങൾ രേഖപ്പെടുത്തുവാൻ എല്ലാ സംസ്ഥാനങ്ങൾക്കുമായി ഒരു Dash Board ഉണ്ടാക്കുവാൻ Ministry of Ayush-ന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. |
| (ഡി) | ഇതു സംബന്ധിച്ച് കേരളം സമഗ്രമായ സത്യവാങ്മൂലമാണ് ഫയൽ ചെയ്തതെന്നും ഗുണകരമായ നിരവധി ശിപാർശകൾ ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നും കോടതി പ്രത്യേകമായി പരാമർശിച്ചത് സംസ്ഥാനത്തിനുള്ള അംഗീകാരമായി കാണുന്നുണ്ടോ; വിശദമാക്കാമോ; | (ഡി) | ഉണ്ട്. കാലാകാലങ്ങളായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് ചെയ്തുവരുന്ന പ്രവർത്തനങ്ങളെക്കുറിച്ചും, ഒരു ഉപഭോക്തൃ സംസ്ഥാനം എന്ന നിലയിൽ സംസ്ഥാനം നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും സത്യവാങ്മൂലത്തിൽ വ്യക്തമാക്കിയിരുന്നു. 2016 മുതൽ ഡ്രഗ്സ് & മാജിക് റെമഡീസ് ആക്ടിന്റെയും ഡ്രഗ്സ് റൂൾസ് 1945-ലെ ചട്ടം 170 ന്റെയും ലംഘനത്തിനെതിരെ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ച് വിശദീകരിച്ചിട്ടുണ്ട്. നിയമ ലംഘനങ്ങൾക്കെതിരെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് കാര്യക്ഷമമായ ഇടപെടലുകൾ നടത്തിയിട്ടുള്ളതായി കോടതി വിലയിരുത്തിയിട്ടുണ്ട്. ക്രിയാത്മകമായ പ്രവർത്തനങ്ങൾക്ക് അനിവാര്യമായ നിയമ നിർമ്മാണ ശിപാർശകളും സത്യവാങ്മൂലത്തിലൂടെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് സമർപ്പിച്ചിട്ടുണ്ട്. |
| (ഇ) | വിവിധ മാധ്യമങ്ങളിലൂടെ സംസ്ഥാനത്തു നടത്തി വരുന്ന തെറ്റായ പ്രചരണങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കാമോ; വിശദമാക്കാമോ? | (ഇ) | വിവിധ രോഗാവസ്ഥകൾക്ക് ഫലപ്രദമാണെന്ന് തെറ്റായ അവകാശവാദങ്ങൾ ഉന്നയിച്ചുകൊണ്ട് സാമൂഹ്യ മാധ്യമങ്ങളിലൂടെ ഉള്ള തെറ്റിദ്ധാരണാജനകമായ പരസ്യങ്ങളുടെ അതിപ്രസരണം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി |

| | | | |
|---|---|---|---|
| | | | ഡ്രഗ്സ് കൺട്രോൾ ഇന്റലിജൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ വകുപ്പിലെ എല്ലാ ഡ്രഗ്സ് ഇൻസ്പെക്ടർമാരും സംസ്ഥാന വ്യാപകമായി “ഓപ്പറേഷൻ മാജിക്-Ad”എന്ന പേരിൽ റെയ്ഡ് നടത്തി വരുന്നു. പ്രസ്തുത റെയ്ഡിൽ വിവിധ ജില്ലകളിലായി നിരവധി സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും, ഡ്രഗ്സ് & മാജിക് റെമഡീസ് ഒബ്ജക്ഷണബിൾ അഡ്വർടൈസ്മെന്റ് ആക്ട് 1954 നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാതെ പരസ്യം ചെയ്ത് നിർമ്മിച്ച് വിതരണം നടത്തി വന്നിരുന്ന ഉൽപ്പന്നങ്ങൾ കണ്ടുകെട്ടുകയും നിർമ്മാതാക്കൾ/വിതരണക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. ഇപ്രകാരം സംസ്ഥാനത്ത് നടത്തിയ പരിശോധനയിൽ 25ഓളം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ തെറ്റിദ്ധാരണാജനകമായ പരസ്യങ്ങൾ പ്രചരിപ്പിച്ച് ഓൺലൈൻ ആയി ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നത് കൊണ്ടുതന്നെ ടി പരസ്യങ്ങളുടെ ആധികാരികത കണ്ടെത്താനും തുടർ നടപടികൾ സ്വീകരിക്കാനും പലപ്പോഴും ഡ്രഗ്സ് കൺട്രോൾ വകുപ്പിന് പ്രതിസന്ധി നേരിടേണ്ടി വരുന്നുണ്ട്. പൊതുജനാരോഗ്യ സംരക്ഷണാർത്ഥം ഇത്തരം പരസ്യങ്ങളുടെ അതിപ്രസരണം നിയന്ത്രണ വിധേയമാക്കേണ്ടതും, പരിശോധനകൾ കർശനമാക്കേണ്ടതും അനിവാര്യമായതു കൊണ്ടു തന്നെ പരിശോധനകൾ ഊർജ്ജിതമാക്കി നിയമം ലംഘിക്കുന്നവർക്കെതിരെ വകുപ്പ് കർശന നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ